ടാലന്റഡ് ബാങ്കേഴ്സ് എന്ന കൂട്ടായ്മ രൂപം കൊള്ളുമ്പോൾ ബാങ്കിൽ ജോലി ചെയ്യുന്ന കലാപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, പഠിക്കുന്ന കാലത്ത് കലാപ്രവർത്തനങ്ങളുമായി നടന്നിട്ട് ബാങ്ക് ജോലിയുടെ തിരക്കിൽ അത് മറന്നുവച്ചവർക്ക് അത് തേച്ചുമിനുക്കാൻ അവസരം നൽകുക ഇവയായിരുന്നു പ്രധാന ഉദ്ദേശങ്ങൾ.
നാളിത് വരെ ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രതിഭകളെയെല്ലാം എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ ചെറിയ സൂചനകളിൽ നിന്നും തേടി കണ്ടെത്തുകയായിരുന്നു. അങ്ങനെ തേടി എത്തിയപ്പോൾ നമ്മുടെ ഗ്രൂപ്പിനെക്കുറിച്ച് ഏറെ വാചാലമായി സംസാരിക്കുകയും ഈ ഗ്രൂപ്പ് തന്റെ ജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ച് അഭിമാനത്തോടെ സംസാരിക്കുകയും ചെയ്ത ഒരു കലാകാരനെയാണ് ഈ ആഴ്ച ഇവിടെ അവതരിപ്പിക്കുന്നത്.

**സിറിയക് തോമസ്,**
**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,**
**വടശ്ശേരിക്കര ശാഖ.**

കർഷകനായ എം വി തോമസിന്റെയും അന്നമ്മ തോമസിന്റെയും മകനായി കുട്ടനാട്ടിൽ ജനിച്ച സിറിയക് തോമസിന്റെ ബാല്യം അനുഭവങ്ങളാൽ സമ്പന്നമായിരുന്നു. ഏഴ് സഹോദരങ്ങൾക്കൊപ്പം മദ്ധ്യതിരുവിതാംകൂറിന്റെ ശുദ്ധമായ ഗ്രാമീണജീവിതം ആസ്വദിച്ചാണ് സിറിയക് വളർന്നത്.
കലാലോകത്തിന് ഏറെ പ്രതിഭകളെ സമ്മാനിച്ച കുട്ടനാട്. പുഞ്ചവയലുകളും പമ്പയുടെ കൈവഴിയും എല്ലാം ചേർന്നുണ്ടാകുന്ന കുട്ടനാടൻ അന്തരീക്ഷം കാലാഭിരുചികളെ പ്രോത്സാഹിപ്പിക്കാൻ പോന്നതായിരുന്നു.

പത്താംക്ലാസ്സ് വരെ സിറിയക് എടത്വ സെയിന്റ് അലോഷ്യസ് സ്കൂളിൽ ആയിരുന്നു പഠനം. തുടർന്ന് ബിരുദവും, ബിരുദാനന്തരബിരുദവും അവരുടെ തന്നെ കോളേജിലും.
ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഫാദർ മാത്യു പുത്തനങ്ങാടി എന്ന കലാഹൃദയമുള്ള വികാരി ഇടവക പള്ളിയിൽ വന്നുചേരുന്നത്. അദ്ദേഹം കാലാഭിരുചിയുള്ള കുട്ടികളോടെല്ലാം ഒരവധിദിനം പള്ളിമേടയിൽ എത്താൻ ആവശ്യപ്പെട്ടു. വന്നവരെ ഒക്കെ ഈരണ്ട് വരി മൂളിച്ച് "ആ നീ പാട്ടു പഠിക്ക്, നീ വയലിൻ പഠിക്ക്, നീ ഗിറ്റാർ പഠിക്ക്" എന്ന് പറഞ്ഞ് തരം തിരിച്ചു. നമ്മുടെ കുഞ്ഞുസിറിയക് വയലിൻ പഠിക്കാൻ ആണ് നിയോഗിക്കപ്പെട്ടത്. പിന്നെ ഒന്നരക്കൊല്ലം സ്കൂൾ വിട്ട് വന്നാൽ എല്ലാവരും പള്ളിമേടയിൽ പരിശീലനമാണ്. വയലിനിൽ അടിസ്ഥാനപരമായ വിദ്യാഭ്യാസം തുടങ്ങിയത് അങ്ങനെയാണ്. പിന്നെ പള്ളികൊയറിലെ പരിപാടികളും സ്കൂളിലെ മത്സരങ്ങളുമൊക്കെയായി ഒരു നിറഞ്ഞ സ്കൂൾകാലം.

ആ പഠനം കൊണ്ട് ഗുണം ഉണ്ടായി. ഗാനമേളക്ക് ജില്ലാതലത്തിൽ സമ്മാനം നേടാനായി. ഇതിനിടെ കൂട്ടത്തിൽ മറ്റുള്ളവർ വായിക്കുന്നത് നോക്കി പഠിച്ച് ഗിറ്റാറും സിറിയക് ഹൃദിസ്ഥമാക്കി. കോളേജ് തലത്തിൽ നിരവധി തവണ ഉപകരണസംഗീതത്തിന് സമ്മാനം വാങ്ങുകയും യൂണിവേഴ്സിറ്റി തലത്തിൽ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു. പക്ഷേ അന്നെല്ലാം മത്സരങ്ങൾക്ക് പോകുമ്പോൾ മറ്റ് മത്സരാർത്ഥികൾ വളരെ ശാസ്ത്രീയമായി പഠിച്ചു വരുന്നവരാണെന്നും താൻ അത്രക്കൊന്നും പഠിച്ചിട്ടില്ലെന്നും ഉള്ള ചിന്ത സിറിയക്കിന്റെ ആത്മവിശ്വാസത്തെ ഒട്ടൊന്നുമല്ല പിറകോട്ട് പിടിച്ചത്.

ഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് തിരുവല്ലയിൽ സ്വന്തമായി ഗാനമേള ട്രൂപ്പ് നടത്തുന്ന ഫാദർ എബ്രഹാം മുളമൂട്ടിലുമായി ഒരു ബന്ധം ഉണ്ടാക്കാനായി സിറിയക്കിന്. വയലിനിൽ പാശ്ചാത്യസംഗീതത്തിന്റെ പാഠങ്ങൾ പഠിക്കാൻ അവസരം കിട്ടിയത് അങ്ങനെയാണ്. അവിടവുമായി അടുപ്പം ഉണ്ടായിരുന്ന കാലത്ത് മറ്റ് കലാകാരൻമാർ കൈകാര്യം ചെയ്യുന്നത് കണ്ടും കേട്ടും ആണ് മൌത്ത് ഓർഗൻ, ഫ്ലൂട്ട്, കീബോർഡ് ഇവയൊക്കെ സിറിയക് പഠിച്ചത്.

പിന്നീട് തിരുവല്ലയിൽ തന്നെ ഉള്ള എം ജി എം ഓർക്കസ്ട്രയിൽ ചേർന്ന സിറിയക്കിന് നിരവധി വേദികളിൽ ഗാനമേളകളിൽ വയലിൻ വായിക്കാൻ കഴിഞ്ഞത് ഒരു വലിയ ഭാഗ്യം ആയിരുന്നു എന്ന് ഇപ്പോൾ തോന്നുന്നുണ്ട്.

1988ൽ സിറിയക് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ജോലിയിൽ പ്രവേശിച്ചു, പന്തളം ശാഖയിൽ.
ജോലി കിട്ടിയതോടെ കലാപ്രവർത്തനങ്ങൾക്ക് ചെറിയ ഇടവേളയായി.
പന്തളം ശാഖയിൽ നിന്നും മണിപ്പുഴ, എടത്വ ശാഖകളിലും ഇടക്ക് ഒരു കാലം ഇൻസ്പെക്ഷൻ വിഭാഗത്തിലും ജോലി ചെയ്തു സിറിയക്. എടത്വ ശാഖയിൽ നിന്നാണ് പ്രൊമോഷനിൽ പോകുന്നത്. നിലമ്പൂർ ശാഖയിലേക്കായിരുന്നു ആദ്യനിയമനം. അവിടെ ജോലി ചെയ്യുമ്പോഴാണ് സിറിയക്കിന് ഒരു സംഗീതപഠനകേന്ദ്രത്തിൽ പഠിക്കാൻ അവസരം കിട്ടിയത്. സംഗീതം കുറേക്കൂടി ശാസ്ത്രീയമായി അഭ്യസിക്കാൻ അത് അവസരംഒരുക്കി. നിലമ്പൂർ നിന്നും അർത്തിച്ചേരി, അവലൂക്കുന്ന്, എടത്വ, ചേലക്കര, ആർ ബി ഓ തിരുവല്ല എന്നീ ശാഖകളിൽ ജോലി ചെയ്ത് ഇപ്പോൾ വടശ്ശേരിക്കര ശാഖയിൽ ചീഫ് മാനേജർ ആയി ജോലി ചെയ്യുന്നു.

ബാങ്കിൽ ജോലി ആയ ശേഷം ബാങ്ക് ഫെസ്റ്റിൽ ഉപകരണസംഗീതത്തിൽ മിക്കവർഷങ്ങളിലും പങ്കെടുത്തിരുന്നു സിറിയക്. 2015ലെ ഫെസ്റ്റിൽ വയലിൻ, ഫ്ലൂട്ട്, മൌത്ത് ഓർഗൻ എന്നീ ഇനങ്ങളിൽ പങ്കെടുത്ത് സമ്മാനം നേടി കലാപ്രതിഭ ആവുകയും ചെയ്തു.

കുറച്ച് കാലങ്ങളായി തന്റെ കലകളുമായി ഇത്തിരി ഒതുങ്ങിയിരിക്കുമ്പോഴാണ് സിറിയക് ടാലന്റഡ് ബാങ്കേഴ്സിൽ അംഗമാകുന്നത്. ഈ ഗ്രൂപ്പിൽ കലാകാരന്മാർക്ക് ലഭിക്കുന്ന പ്രോത്സാഹനം കണ്ടപ്പോഴാണ് ഒരു വീഡിയോ പോസ്റ്റ് ചെയ്യാൻ മോഹമുദിച്ചത്. അതിന് ഗ്രൂപ്പിൽ നിന്നും ലഭിച്ച പ്രോത്സാഹനം ആണ് കൂടുതൽ പ്രകടനങ്ങളുമായി ഗ്രൂപ്പിൽ വരാൻ സിറിയക്കിന് പ്രചോദനമായത്. ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിനെക്കുറിച്ച് പറയുമ്പോൾ സിറിയക് വാചാലനായി. ഇതിൽ നിന്ന് ലഭിക്കുന്ന അളവറ്റ പ്രോത്സാഹനം തന്റെ കലാജീവിതത്തിൽ ഒരുപാട് മാറ്റങ്ങളുണ്ടാക്കി എന്ന് പറയുമ്പോൾ സിറിയക് സന്തോഷം കൊണ്ട് ഉത്സാഹഭരിതനായി.

ഇപ്പോൾ വയലിനിൽ ശാസ്ത്രീയമായി പഠനം തുടരുന്ന സിറിയക്കിന് പാചകവും ഷട്ടിൽ ബാഡ്മിന്റണും ഒക്കെ ഹരമാണ്. പഠിച്ച സ്കൂളിലെ ഒരദ്ധ്യാപകൻ വിരമിക്കുന്ന ചടങ്ങിൽ ഒരു സംഗീതപരിപാടി അവതരിപ്പിക്കാൻ കിട്ടിയ ക്ഷണം, പഠിച്ച കോളേജിലെ കോമേഴ്സ് വിഭാഗത്തിന്റെ നാല്പതാം വാർഷികത്തിന് ഒരു പരിപാടി ചെയ്യാൻ ലഭിച്ച ക്ഷണം ഇതൊക്കെ മനസ്സിന്റെ കോണിൽ ചില്ലിട്ട് സൂക്ഷിക്കുന്ന ഓർമകളാണ് സിറിയക്കിന്.

എടത്വ സെയിന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ അദ്ധ്യാപികയായ സീനിയമോൾ മാത്യു ആണ് സിറിയക്കിന്റെ ജീവിതപങ്കാളി. എം ബി ബി എസ് വിദ്യാർത്ഥിനി ഐറിൻ, ഡിഗ്രി വിദ്യാർത്ഥിയായ ജെം മാത്യു സിറിയക്, ഹൈസ്കൂൾ വിദ്യാർത്ഥിയായ റെനെ ടോം സിറിയക് എന്നിവരടങ്ങുന്ന കുടുംബം എടത്വയിലാണ് താമസം. ജെം ഗിറ്റാറും റെനെ കീബോർഡും ശാസ്ത്രീയമായി അഭ്യസിക്കുന്നുണ്ട്.

സംഗീതോപകരണം ഏത് കിട്ടിയാലും ഒരു പരീക്ഷണം നടത്താൻ തയാറാണ് സിറിയക്. ഇനി അങ്ങനെ ഒന്നും കിട്ടിയില്ലെങ്കിലും പിന്മാറില്ല സിറിയക് എന്നതിന്റെ തെളിവാണ് അടുത്തിടെ പിവിസി പൈപ്പിൽ സിറിയക് പൊഴിച്ച സംഗീതധാര. ഒരു പിവിസി പൈപ്പിൽ അരം കൊണ്ട് തുളയിട്ട് അതിലൂടെ മെല്ലെ ഒരുക്കിയത് ആരും മറന്നിട്ടുണ്ടാവില്ല. ഇത്തരം പുതിയ പരീക്ഷണങ്ങളുമായി മുന്നോട്ട് പോകാൻ ഇനിയും സിറിയക്കിന് കഴിയട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് ആശംസിക്കുന്നു.

**English Version**

The main motives that inspired the formation of the Talented Bankers friendship circle were to find creative and talented bankers and encourage them; and to help bankers who have forgotten their innate talents that were showcased during their school and college years to dust, nurture and polish the skills and present before an audience. Till date, all the hidden talents were dug out and

presented by the editorial board members on receiving clues about them.

We are presenting this week, a Talented Banker who when discovered, talked endlessly about our group and explained how our group has positively influenced and brought about a transformation in his life.

Cyriac Thomas
State Bank of India
Vadasserikkara branch

Cyriac Thomas, born to a nature-loving farmer M.V. Thomas, and Annamma Thomas in Kuttanad, had gone through varied experiences during his childhood. He enjoyed the pure village life of the central mid-lands of Travancore along with his seven siblings. Kuttanad, a land that gifted us many a talent with the perifery of Pamba river flowing across it and its lush-green vast paddy fields, spread the fragrance of creativity around.

He studied upto the 10th grade from the St. Aloysius school, Edathua. He did his graduation and post graduation too from their own college. While he was in the 7th grade, Father Mathew Puthanangadi, a father interested in cultural activities, joined as their Vicar. He once asked all music-loving kids to arrive at the church on a holiday and made them sing two lines of a song, and sorted them to study vocal music, violin and guitar. And the little boy Cyriac got destined to work his hands on a violin. The next one and a half year saw the kids practising daily at the church after school. There he learned his basic lessons in violin. Thus his school years were spent participating in the church choirs and competitions held in the school.

This practice earned him prize in a district level ganamela competition. He also learned to play a guitar from his friends. He won prizes for instrumental music from his college and participated in University level competitions too. But there, his thoughts that he never had a structured training like the other participants and that he wouldn’t be good enough discouraged him tremendously.

While studying for degree, he got the opportunity to be in touch with Father Ebraham Mulamootil, who owned his own ganamela troupe and thus the chance to learn to play Western music in violin. He watched other members of the troupe play various instruments like mouth organ, flute, keyboard and learned them too without any tutelage. He remembers with gratitude the various venues and stages where he played his violin in association with the M G M orchestra in the later years.

Cyriac joined the Stat Bank of Travancore in the year 1988 at its Pandalam branch. His musical talents went backstage from then. He got transferred to Manipuzha and Edathua branches from there, and has also worked in the Inspection department. He got promoted while at the Edathua branch and got his first posting at the Nilambur branch. While there, he got the chance to join a music class and learn. From there he got transferred to Arthicherry, Avalookunnu, Edathua, Chelakkara, RBO Thiruvalla and is now Chief Manager at the Vadasserikkara branch.

He was part of the Bank fest almost every year since he joined the bank, playing instrumental music. He also became the Kalaprathibha during the fest held in the year 2015 by playing violin, flute and mouth organ.

Lately, he wasn’t practising his skills well when he joined our TB group. Seeing the encouragement given to various talented minds, he too decided to post a video of his. And the feedbacks he received from our group persuaded him to share more of his talents. He is elated as he describes how our Talented Bankers group got him back to his old musical self.

He is still learning Carnatic violin lessons and also focuses on cooking and playing badminton. The invite to perform at the retirement function of one of his teachers at school, to perform at the 40th anniversary celebration of the Commerce department of his college.. these are a few memories he cherishes in the deepest corner of his heart.

Ceniamole Mathew, a teacher at the Edathua St. Mary’s Girls High School, is Cyriac's spouse. His family comprising of his kids: MBBS student Irene Ann Cyriac, degree student Jem Mathew Cyriac and high school student Rene Tom Cyriac, is staying at Edathua. Jem is learning guitar and Rene keyboard.

Cyriac is always ready to try his hand on any musical instrument. And the fact that he would create music out of anything is proved to us by the enchanting musical medley he produced out of a PVC pipe. We wish he fulfils all his wishes and brings out more such experimental music and lets us enjoy the same in the coming days.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry, State Bank of India, LHO Thiruvananthapuram